Malayala Manorama

18 June 2018

Kochi: Heavy rain, Flood

അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ഭാഗമായി 23 രാജ്യങ്ങളിൽ നിന്നുള്ള 56 യോഗ ഗ്രൂപ്പുകൾ അംബാസഡർമാർ കൊച്ചിയിൽ നടത്തിയ യോഗാഭ്യാസത്തിൽ നിന്ന് | ഫോട്ടോ: വി.എസ്.ജിഷ്ണു

'കൊച്ചിയിലെ മഴക്കാലം' എന്നു പറഞ്ഞ് സുന്ദരമായ ഫോട്ടോഗ്രാഫുകൾ സമൂഹമാധ്യമങ്ങളിൽ ഹാഷ് ടാഗോടെ നിറയുമ്പോൾ, മറുവശത്ത് മഴകൊണ്ട് ദുരിതംപേറുന്ന കുറെയധികം ജീവിതങ്ങളുണ്ട്. അവർക്ക് ചോദിക്കാനുള്ളത് ഇതാണ്..

ഞങ്ങൾക്കും ജീവിക്കേണ്ടേ...

ആൻസ് ട്രീസ ജോസഫ്
annsjoseph204@gmail.com

നഗരം വികസനത്തിന്റെ പാതയിൽ നാലടിക്കുന്നാം ഉയർന്നുകൊണ്ടിരിക്കുകയാണ്... തലയ്ക്കു പരുപ്പിൽ നിന്ന് കെട്ടിപ്പൊക്കിയ നഗരത്തിന്റെ അടിത്തറനിലകൊണ്ട്, മണ്ണ് ഇന്ന് വെള്ളത്തിന്റെ നടുവിലാണ്. നഗരവികസനത്തിനായി അദ്ധ്വാനിച്ചവർ ചെളിക്കുണ്ടിൽ നിന്ന് അതിജീവനത്തിനായി കേഴുന്ന കാഴ്ചയാണ് മഴക്കാലത്ത് കൊച്ചിക്ക്. 'കൊച്ചിയിലെ മഴക്കാലം' എന്നു പറഞ്ഞ് സുന്ദരമായ ഫോട്ടോഗ്രാഫുകൾ സമൂഹമാധ്യമങ്ങളിൽ ഹാഷ് ടാഗോടെ വിലസുമ്പോൾ, മറുവശത്ത് മഴകൊണ്ട് ദുരിതംപേറുന്ന കുറെയധികം ജീവിതങ്ങളുണ്ട്. മഴയുടെ ഘോഷ ആസ്വദിക്കാനവാതെ... മഴയിൽ നിന്ന് രക്ഷപ്പെടാൻ വെമ്പുന്ന കുറച്ചുപേർ... അവർക്ക് പറയാനേറെയുണ്ട്... പക്ഷേ, കേൾക്കാനോ...?

കക്കൂസിലോടം പിന്നെയും വെള്ളത്തിൽ

ഓരോ മഴയിലും ഉറക്കം നഷ്ടപ്പെടുന്ന മറ്റൊരു ജനത കൂടി നഗരത്തിന്റെ സ്വന്തങ്ങളിലുണ്ട്. മഴപെയ്ത് തോർന്നാലും ജീവിതം പഴയതിയിലേക്കാകാൻ ദിവസങ്ങൾ എണ്ണി കഴിയേണ്ട കുറച്ചു കുടുംബങ്ങൾ... കാലവർഷം ശക്തിയായതോടെ 'കക്കൂട്ടിപ്പുര' റെയിൽവേ ട്രയാംഗിളിലെ കോളനികളിൽ വെള്ളം കയറി. നഷ്ടമൊരു ശതമാനം വീടുകളും വെള്ളത്തിലായിരിക്കുകയാണ്. ഇവിടെ ഇതുപോലെ ദുരിതം പേറുന്ന ഒരു ജീവിതം. മലിനജലത്തിലൂടെ ഒഴുക്ക് തടസ്സപ്പെട്ടതാണ് പ്രധാന പ്രശ്നം.

''രാവിലെ കക്കൂസിൽ പോകണമെങ്കിൽ ഞങ്ങളേ എവിടെ പോകണം...? ഇതിന് ഉത്തരമില്ല... പോകാനൊരു സ്ഥലമാണ് നിങ്ങളം കാണിച്ചുതരേണ്ടത്. മഴപെയ്യുന്ന രാത്രികളിൽ ഉറക്കമില്ല, വെള്ളം കട്ടിലോളം ഉയരത്തിലെത്തും പിന്നെ എങ്ങനെ ഉറങ്ങാനാണ്...? പാമ്പും പഴുതാരയുമെല്ലാം വീട്ടിനുള്ളിൽ കയറും. വിഷമില്ലാത്തതാണോ വിഷമുള്ളതാണോ എന്നൊന്നും അറിയില്ല. പക്ഷേ, കണ്ടാൽ പേടിയാകില്ലേ..? ഞാനും എന്റെ മോനും മാത്രമാണ് ഈ വീട്ടിൽ കിടക്കുന്നത്. അവന്റെ ട്രസ് വച്ചിരുന്ന അലമാരയിലും വെള്ളം കയറി. അതുകൊണ്ട് ഇന്ന് അവനെ യുള്ളിൽ വിടാൻ പറ്റിയിട്ടില്ല..." -വിട്ടമ്മയായ ലക്ഷ്മി പറയുന്നു. "കക്കൂസും നിറഞ്ഞതാണ് കിടക്കുന്നത്. കക്കൂസ് മലിനജലം വീട്ടിനുള്ളിൽ കേറും. നമ്മക്ക് മറ്റു മാർഗങ്ങളില്ലാത്തതിനാൽ കക്കൂസിന്റെ പൈപ്പും കനാലിലേക്കാണ് ഇട്ടിരിക്കുന്നത്. അതൊക്കെ ചെളികയറി അടഞ്ഞെന്നാ തോന്നുന്നേ... ഇനിയിപ്പോ ചെളികോരിയാലും അടുത്ത മഴയ്ക്കും... ഞങ്ങൾക്ക് ഈ ഗതിതന്നെയായിരിക്കും..." -ലക്ഷ്മി തുടർന്നു.

ദേശം. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ പിറകുവശം.

80 കുടുംബങ്ങളിലായി 500 ഓളം പേരാണ് ഇവിടെ താമസിക്കുന്നത്. പലർക്കും ഇത് നഗരത്തിന്റെ അഴുക്കുചാലാണ്. ഇവിടം ഇങ്ങനെയാക്കിയതിൽ എല്ലാവർക്കും പങ്കുണ്ട് എന്നത് ബോധ്യപ്പെടുവിച്ചിട്ടാണ് അധികൃതർപോലും, കക്കൂട്ടിപ്പുരത്തെ കൈകഴുകിയിരുന്നത്.

നല്ലതോതിലൊരു മഴപെയ്താൽ കൊച്ചി വെള്ളത്തിലാകും. എന്നാൽ, മഴയോന്ന് വെയിൽ വിണാലും കക്കൂട്ടിപ്പുരത്തെ കുടുംബങ്ങളുടെ ദുരിതം തീരില്ല. മഴപെയ്താൽ വീടിനുള്ളിലും കാണും മുട്ടോളം വെള്ളം... വെള്ളമിറങ്ങിയാൽ പിന്നെ ചെളിക്കുണ്ടിലും ഉയരും. മഴ കനത്താൽ കനാൽ നിറഞ്ഞൊഴുകുമ്പോൾ പി. ആർഡി ഡി. കോളനിയിലെ വീടുകൾക്കുള്ളിൽ മുട്ടും വെള്ളമായിരിക്കും. ഇവിടെ ഒന്നോ കിടക്കാനോ പാചകം ചെയ്യാനോ മറ്റു പ്രാഥമിക ആവശ്യങ്ങൾക്കോ പോലും കഴിയാത്ത വിധത്തിലാകും ഇവിടത്തെ ജീവിതം. മലിനജലങ്ങളും പോളയും അടിഞ്ഞ് നിശ്ചലമായ പേരണ്ടൂർ കനാലിലെ ഒഴുക്ക് തടസ്സപ്പെട്ടതാണ് പ്രധാന പ്രശ്നം.

''രാവിലെ കക്കൂസിൽ പോകണമെങ്കിൽ ഞങ്ങളേ എവിടെ പോകണം...? ഇതിന് ഉത്തരമില്ല... പോകാനൊരു സ്ഥലമാണ് നിങ്ങളം കാണിച്ചുതരേണ്ടത്. മഴപെയ്യുന്ന രാത്രികളിൽ ഉറക്കമില്ല, വെള്ളം കട്ടിലോളം ഉയരത്തിലെത്തും പിന്നെ എങ്ങനെ ഉറങ്ങാനാണ്...? പാമ്പും പഴുതാരയുമെല്ലാം വീട്ടിനുള്ളിൽ കയറും. വിഷമില്ലാത്തതാണോ വിഷമുള്ളതാണോ എന്നൊന്നും അറിയില്ല. പക്ഷേ, കണ്ടാൽ പേടിയാകില്ലേ..? ഞാനും എന്റെ മോനും മാത്രമാണ് ഈ വീട്ടിൽ കിടക്കുന്നത്. അവന്റെ ട്രസ് വച്ചിരുന്ന അലമാരയിലും വെള്ളം കയറി. അതുകൊണ്ട് ഇന്ന് അവനെ യുള്ളിൽ വിടാൻ പറ്റിയിട്ടില്ല..." -വിട്ടമ്മയായ ലക്ഷ്മി പറയുന്നു. "കക്കൂസും നിറഞ്ഞതാണ് കിടക്കുന്നത്. കക്കൂസ് മലിനജലം വീട്ടിനുള്ളിൽ കേറും. നമ്മക്ക് മറ്റു മാർഗങ്ങളില്ലാത്തതിനാൽ കക്കൂസിന്റെ പൈപ്പും കനാലിലേക്കാണ് ഇട്ടിരിക്കുന്നത്. അതൊക്കെ ചെളികയറി അടഞ്ഞെന്നാ തോന്നുന്നേ... ഇനിയിപ്പോ ചെളികോരിയാലും അടുത്ത മഴയ്ക്കും... ഞങ്ങൾക്ക് ഈ ഗതിതന്നെയായിരിക്കും..." -ലക്ഷ്മി തുടർന്നു.

കക്കൂസിൽ പോലും പോകാൻ പറ്റില്ല

''നാണം ഉണ്ടോ അവർക്ക്... ഈ ലോകത്തെ മുഴുവൻ പായലും അവർ വാരിച്ചല്ലോ... ഞങ്ങളെന്താ ആർക്കും വേണ്ടാത്തവരാണോ...? ഇവിടെയൊട്ട് ഇതുവരെയും ആരും വന്നിട്ടില്ല... ദേ ഇപ്പം, വീട് തരാമെന്നു പറഞ്ഞ് ഇത്രയുംനാൾ പറ്റിച്ചു. ഇപ്പോൾ വീടിന്റെ കാര്യത്തിൽ തീരുമാനമായി ഷണം ജനപ്രതിനിധികളും നോക്കുന്നില്ലെന്നാണ് പ്രദേശവാസികളുടെ പരാതി. കാനകൾ വൃത്തിയാക്കാൻ അധികൃതർ യാതൊരു ശ്രമവും നടത്തുന്നില്ലെന്ന ആക്ഷേപവും ഉയരുന്നുണ്ട്.

അധികാരികളേ ആവശ്യക്കാരിവിടെയുണ്ടേ...

''പണ്ടൊരു മഴപെയ്യുപ്പോ പോയതാണ് വീട്... അത് പണിതു തരണമെന്നു പറഞ്ഞ് പഞ്ചായത്തിലൊക്കെ അപേക്ഷ കൊടുത്തതാരുന്നു. പക്ഷേ, ആരെയും ഇങ്ങോട്ട് കണ്ടില്ല. അവസ്ഥതന്നെ ഇവിടത്തെല്ലാ പിള്ളേരുടെ വീട് പണിതുതന്നാൽ..." -അടച്ചുറപ്പുള്ളൊരു വീട് സ്വന്തമായി കിട്ടിയതിന്റെ സന്തോഷത്തിലാണ്

> മേയറുടെ ഉറപ്പ് കിട്ടി
>
> ▸ പേരണ്ടൂർ കനാലിലെ [illegible] വരെയും വായിയിട്ടില്ല. 'മഴക്കാ[illegible] ശുചീകരണം' എന്നു പറഞ്ഞ് [illegible] മുൻപേ ചെയ്യേണ്ടതല്ലേ അ[illegible] ചെയ്യാൻ നഗരസഭയ്ക്ക് കഴിഞ്ഞ[illegible] രണ്ടൂർ കനാൽ നവീകരണ[illegible] ന്ന നഗരവികസന പദ്ധതിയ[illegible] ത് ത് ഉപപ്പെടുത്തി 16 കോ[illegible] യിരുത്തിയിട്ടുണ്ട്. ഈ തുക [illegible] ഗിച്ചതായി ഇന്നുവരെയും [illegible] കഴിഞ്ഞിട്ടില്ല.
>
> കോളനി നിവാസികളുടെ[illegible] ത്തിൽ മേയറെ കണ്ട് കാര്യ[illegible] യിച്ചു. ഇതിന്റെ പദ്ധതിത[illegible] എത്രയും പെട്ടെന്ന് പോളയും[illegible] നീക്കം ചെയ്യുന്നതിന് വേണ്ട [illegible] ചെയ്യാമെന്ന് മേയറുടെ ഉറ[illegible] ണ്ട്. മലിനജല പമ്പുചെയ്[illegible] യി മോട്ടോർ സ്ഥാപിക്കുന്ന[illegible] ഉടനെ തീരുമാനമെടുക്കാമെ[illegible] മേയർ നൽകിയിട്ടുണ്ട്.
>
> പൂർണിമ നാരായണ[illegible]
> കാൻസിൽ